(Pages : 4)

610

Sl. No.

# S.S.L.C. EXAMINATION, MARCH-2013

## MALAYALAM

Paper II

Time : 1½ hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ചു മിനിറ്റ് സമാശ്വാസ സമയമാണ്. ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

Score

1. "ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ ; 2

ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു".

പ്രവാസികളുടെ പോക്കിനും വരവിനും വ്യത്യസ്ത ഉദ്ദേശ്യങ്ങളാണെന്ന് വൈലോപ്പിള്ളി പറയുന്നതിന്റെ യുക്തിയെന്ത് ?

2. സ്കൂളിൽ നിന്നും കുട്ടികളുടെ പഠനയാത്രയ്ക്ക് കൊണ്ടുപോകുന്ന കാര്യങ്ങൾ സംബന്ധിച്ച് അദ്ധ്യാപകർ രക്ഷിതാക്കളും വിദ്യാർത്ഥികളും കൂടിയാലോചിച്ചു. 2

മുകളിൽ കൊടുത്ത വാക്യം ഭാഷാപരമായ അഭംഗികൾ പരിഹരിച്ച് (എഡിറ്റ് ചെയ്ത്) എഴുതുക.

3. "കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു 2

കേറാൻ പിടിക്കയറെന്തു വേറെ"

കേരളത്തിന് ഇരുൾക്കുണ്ടിൽ നിന്ന് കരകയറാനുള്ള പിടിക്കയറാണ് സ്വന്തം ഭാഷ എന്ന മഹാകവി വള്ളത്തോളിന്റെ നിരീക്ഷണത്തിന് ഇന്നും പ്രസക്തിയുണ്ടോ ? വിശദീകരിക്കുക.

610

Score

4. ''അക്കൊച്ചു ശാരിക! ഭൂമികന്യയ്ക്കേഴും
ദുഃഖങ്ങൾ പാടിയ തയ്യൽ-
നാടുവെടിഞ്ഞുപോം നന്മകൾതൻ കഥ
പാടിയ പൈങ്കിളിപ്പൈതൽ'' 2

ഒ. എൻ. വി.

''ഞാറ്റുവേലയിൽനിന്നു ഞാറ്റുവേലയിലേക്കു പോകുന്ന
കിളിപ്പാട്ടിന്റെ കുലുങ്ങുന്ന തൂക്കുപാലം''

സച്ചിദാനന്ദൻ

മുകളിൽ കൊടുത്ത രണ്ടു കവിതാഭാഗങ്ങളിലും സൂചിപ്പിച്ചിരിക്കുന്നത് നമ്മുടെ കാവ്യപാരമ്പര്യത്തെക്കുറിച്ചാണ് - സമർത്ഥിക്കുക.

5. ''ചുമടിറക്കുന്നതിനിടെ എനിക്കറിയാവുന്ന എല്ലാ ഭാഷയിലും എന്റെ ഉള്ളിലെ എല്ലാ സങ്കടവും നിറച്ച് ഞാൻ അയാളോട് എന്നെ ഈ നരകത്തിൽനിന്ന് എങ്ങനെയെങ്കിലും രക്ഷിക്കണം എന്ന് കെഞ്ചിപ്പറഞ്ഞു. പക്ഷേ, അയാളുടെ മുഖത്ത് ആകെ നിറഞ്ഞുനിന്നത് കനത്ത നിർവ്വികാരത മാത്രമായിരുന്നു. അയാൾ എന്നെ ഒന്ന് ഗൗനിക്കുകകൂടി ചെയ്തില്ല. എനിക്കപ്പോൾ ഉണ്ടായ സങ്കടം!'' 4

നജീബിന്റെ ദുരിതാനുഭവങ്ങൾ ആവിഷ്കരിക്കുന്ന 'ആടുജീവിത'ത്തിലെ ഒരു ഭാഗമാണിത്. ഈ അനുഭവങ്ങളെ മുൻനിർത്തി പ്രവാസജീവിതത്തിന്റെ പ്രശ്നങ്ങൾ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. (അരപ്പുറം)

6. ''വേദനിക്കിലും വേദനിപ്പിക്കലും
വേണമീ സ്നേഹബന്ധങ്ങളൂഴിയിൽ'' 4

''ഇവിടെ സ്നേഹിപ്പാൻ ഇവിടെ ആശിപ്പാൻ
ഇവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം''

-മുകളിൽക്കൊടുത്ത കാവ്യഭാഗങ്ങളെ അടിസ്ഥാനമാക്കി സ്നേഹബന്ധങ്ങളുടെ ഊഷ്മളതയെക്കുറിച്ച് പത്താംക്ലാസിന്റെ യാത്രയയപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള ഒരു പ്രസംഗം തയ്യാറാക്കുക. (അരപ്പുറം)

7. ''ഭൂമി പിളർന്ന് ഞങ്ങൾ മൂവരും പാതാളത്തിലേക്കാണ്ടുപോയാലും ശരി, സത്യം പറഞ്ഞുവല്ലോ എന്ന കൃതാർത്ഥതയോടുകൂടി കണ്ണും ചിമ്മി ഞാനൊരിരുത്തമിരുന്നു''. 4

ബ്രഹ്മാലയം തുറക്കപ്പെട്ടു - വി. ടി. ഭട്ടതിരിപ്പാട്.

മുകളിൽ കൊടുത്ത പാഠസന്ദർഭത്തെ അടിസ്ഥാനമാക്കി താഴെ കൊടുത്ത പ്രസ്താവനയോടുള്ള പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

'ഏത് പ്രതിസന്ധിയിലും സത്യം മനുഷ്യന് ആത്മബലം നൽകും'. (അരപ്പുറം)

610

Score

8. ''വേലിക്കൽ പണ്ടവൾ നട്ടൊരു ചമ്പക- 4
ച്ചോടോളമപ്പോളിരുട്ടുവന്നു,
ചിമ്മിനിക്കൊച്ചുവിളക്കിന്റെ നേരിയ
കണ്ണീർവെളിച്ചം തുടച്ചു നിന്നു.
ഉമ്മറക്കൽപ്പടിച്ചോട്ടിലവളഴി-
ച്ചിട്ട ചെരുപ്പൊന്നുരുമ്മി നോക്കി
പുള്ളിക്കുറിഞ്ഞി നിസ്സംഗയായ് പിന്നിലെ
കല്ലുവെട്ടാംകുഴിക്കുള്ളിലേറി.
തെക്കേപ്പുറത്തയക്കോലിലവളുടെ
ഇത്തിരിപ്പിഞ്ഞിയ കുഞ്ഞുടുപ്പിൽ
ചുറ്റിക്കറങ്ങി നടക്കുന്ന കാറ്റൊന്നു
തട്ടിനോക്കി, മരക്കൊമ്പിലേറി''.

'തോരാമഴ' - യിലെ ഈ വരികൾ പരിശോധിച്ച്, ഉമ്മുക്കുലുസുവിന്റെ വേർപാട് സൃഷ്ടിച്ച വേദന അനുഭവപ്പെടുത്താൻ കവി ഉപയോഗിച്ചിരിക്കുന്ന കാവ്യബിംബങ്ങൾ കവിതയെ എത്രമാത്രം ഭാവതീവ്രമാക്കുന്നുവെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

9. ''എന്റെ സ്ലെയിറ്റിൽ വിടർന്ന വടിവുറ്റ മഴവില്ല് 4
എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി
എന്റെ ചുണ്ടുകളിലെ മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം''.

മലയാളം - സച്ചിതാനന്ദൻ

''പഞ്ചാരക്കയ്യേറെയിഷ്ടമെന്നോതുവാൻ
കരയുവാൻ പൊരുതുവാൻ ചേരുവാൻ
ചുണ്ടത്തിരുന്നു ചൂണ്ടിത്തന്ന-
നന്മയാണമ്മമലയാളം.
ജന്മമലയാളം.''

അമ്മമലയാളം - കുരീപ്പുഴ ശ്രീകുമാർ

മാതൃഭാഷ നൽകുന്നത് വ്യത്യസ്തമായ അനുഭവങ്ങളാണ്. മുകളിൽ കൊടുത്ത കാവ്യ- ഭാവങ്ങളെ മുൻ നിർത്തി രണ്ടു കവികളുടേയും ഭാഷാനുഭവങ്ങളെ താരതമ്യം ചെയ്ത് കുറിപ്പെഴുതുക. (അരപ്പുറം)

610

Score

10. ''അങ്ങനെ വീടും വയലും ഞങ്ങൾക്ക് പ്രാഥമികവിദ്യാലയങ്ങളായി. പിന്നെ ഞാൻ സ്കൂളിൽ ചേർന്നു - ഒരു കൊളോണിയൽ സ്കൂൾ. അതോടെ ഈ സ്വരച്ചേർച്ച ഇല്ലാതായി. എന്റെ വിദ്യാഭ്യാസത്തിന്റെ ഭാഷ എന്റെ സംസ്കാരത്തിന്റെ ഭാഷയായിരുന്നില്ല''. 6

- വാക്കിന്റെ കൂടെരിയുന്നു - ഗൂഗി വാ തിങാംഗോ

''തങ്ങളുടേതല്ലാത്ത ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നതെന്ന് എനിക്കുറപ്പുണ്ട്. അതവരുടെ ജന്മാവകാശത്തെ അപഹരിക്കലാണ് ; അതവരുടെ വളർച്ച മുട്ടിക്കുന്നു; അതവരെ സ്വന്തം വീട്ടിൽ നിന്നും ഒറ്റപ്പെടുത്തുന്നു ; തന്മൂലം ഞാൻ അത്തരം കാര്യം ഒരു ദേശീയ ദുരന്തമായി കണക്കാക്കുന്നു''.

- മഹാത്മാഗാന്ധി -

രണ്ടഭിപ്രായവും താരതമ്യം ചെയ്ത് 'മാതൃഭാഷയും വിദ്യാഭ്യാസവും' എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

- വാക്കുകൾ വെറുതേ കോർത്തിട്ട ചരടല്ല ഭാഷ.
- കടങ്കഥകളിലൂടെ, പഴഞ്ചൊല്ലുകളിലൂടെ, അക്ഷരങ്ങളുടെ മറിച്ചുചൊല്ലുകളിലൂടെ ഭാഷയുടെ വശീകരണശക്തി ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞു.
- ഉള്ളടക്കത്തിനപ്പുറം വിഹരിക്കുന്ന ഭാഷയുടെ സംഗീതം ഞങ്ങൾ അങ്ങനെ മനസ്സിലാക്കി.
- ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ കാഴ്ച്ച സമ്മാനിച്ചു.

മാതൃഭാഷ ഒരു ജനതയ്ക്ക് നൽകുന്ന അനുഭവങ്ങളെക്കുറിച്ചുള്ള സൂചനകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇവ വിശകലനം ചെയ്ത് മാതൃഭാഷയോടുള്ള മനുഷ്യന്റെ വൈകാരിക ബന്ധത്തെക്കുറിച്ച് ഉപന്യസിക്കുക. (ഒരു പുറം)

11. ''തെരുവിന്റെ ഒരറ്റത്തെത്തിയപ്പോൾ അയാൾ അവളെ എടുത്തു നടക്കുകയായിരുന്നു. അവൾ അവളുടെ കൊച്ചുകൈ അയാളുടെ കഴുത്തിലൂടെ ഇട്ടിരുന്നു''. 6

''അയാൾ കാറിന്റെ വാതിലടച്ചു. കുറെ നേരം സ്റ്റിയറിംഗ് വീലിന്മേൽ കൈവെച്ച് അനങ്ങാനാവാതെ ഇരുന്നു. അയാൾക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടിരുന്നു''.

മുകളിൽക്കൊടുത്ത കഥാഭാഗങ്ങളിലെ രണ്ടു കഥാപാത്രങ്ങളും രണ്ട് ജീവിതവീക്ഷണങ്ങളുടെ പ്രതിനിധികളാണ് - 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയെ മുൻനിർത്തി ഈ അഭിപ്രായം വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക. (ഒരു പുറം)

-000-